# പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 1894

25/03/2013 - ൽ മറുപടിക്ക്

## പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ വനിതകളെ കൂടുതലായി പോലീസ് സേനയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ; | (എ) | പോലീസ് സേനയിൽ വനിതകൾക്ക് 10 ശതമാനം പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) സംസ്ഥാനത്ത് നിലവിൽ ഓരോ പോലീസ് സ്റ്റേഷനിലും എത്ര വനിതാ പോലീസുകാരെ വീതമാണ് നിയമിച്ചിട്ടുള്ളത്; ഇതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം വിശദമാക്കാമോ? | (ബി) | വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു,<br>ഓരോ സ്റ്റേഷൻ പരിധിയിലും വരുന്ന ക്രമസമാധാന പ്രശ്നത്തിന്റെ വ്യാപ്തി, സ്ത്രീ പരാതിക്കാരുടെ എണ്ണം, ജനമൈത്രി, വനിതാ ഹെൽപ്പ് ഡസ്ക്ക് എന്നിവക്കായുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ ആവശ്യകത എന്നിവയെല്ലാം പരിഗണിച്ചാണ് സ്റ്റേഷനുകളിൽ വനിതാ പോലീസുകാരെ നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്